**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2691** **02-08-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റീസർവ്വേ നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 757 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ സെൻട്രൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായം തേടാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സർവ്വെ പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് ആധുനിക സർവ്വെ സമ്പ്രദായമായ CORS (Continuously Operating Reference Stations) നെറ്റ് വർക്ക് സ്ഥാപിക്കുന്നതിന് ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യയുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. |
| (സി) | റീ സർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദാംശം അറിയിക്കുമോ? | (സി) | സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തീകരിക്കുകയും, ശേഷിക്കുന്ന 757 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പുരോഗതിയിലുമാണ്. ആധുനിക സർവെ സമ്പ്രദായമായ CORS നെറ്റ് വർക്ക് സ്ഥാപിച്ച് സർവ്വെ നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനം വേഗത്തിലാക്കുവാൻ കഴിയുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ